ചെമ്മീൻ കയറ്റുമതി

5 (1912) ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും എത്ര ടൺ ചെമ്മീൻ വീതം പിടിച്ചിട്ടുണ്ട് എന്ന കണക്ക് ലഭ്യമാണോ ; എങ്കിൽ വെളിപ്പെടുത്തുമോ ;

(ബി) ഇതിന് ഓരോ വർഷവും ഒട്ടാകെ എന്തു വില കിട്ടി ;

(സി) എന്തു വിലയ്ക്കുള്ള ചെമ്മീൻ ഓരോ വർഷവും കയറ്റുമതി ചെയ്തിട്ടുണ്ട് ;

(ഡി) ഏതെല്ലാം രാജ്യങ്ങളിലേക്കാണ് ഇപ്പോൾ ചെമ്മീൻ കയറ്റുമതി ചെയ്യുന്നത് ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും പിടിച്ച ചെമ്മീന്റെ കണക്ക് താഴെ കൊടുത്തിരിക്കുന്നു.

വർഷം	പിടിച്ച ചെമ്മീൻ (മെ.ടൺ)
1996	59.444
1997	69.434
1998	86.159

(ബി) വിവരം താഴെ കൊടുത്തിരിക്കുന്നു.

വർഷം	ലഭിച്ച വില (രൂപ കോടിയിൽ)
1996	295.26
1997	381.89
1998	510.56

(സി) വിവരം താഴെ കൊടുത്തിരിക്കുന്നു.

വർഷം	കയറ്റുമതിയിലൂടെ ലഭിച്ച തുക (രൂപ കോടിയിൽ)
1996	511.86
1997	587.35
1998	500.73

(ഡി) ജപ്പാൻ, അമേരിക്ക, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, തെക്ക്-കിഴക്കനേഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേയ്ക്കാണ് ചെമ്മീൻ പ്രധാനമായും കയറ്റുമതി ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly